പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1688 3. 10.11 ൽ മറുപടിയ്ക്ക്

## ബേപ്പൂർ തുറമുഖ വികസനം

ചോദ്യം

ശ്രീ. എളമരം കരീം

മറുപടി

ശ്രീ. കെ.ബാബു
( എക്സൈസും തുറമുഖവും
വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | ബേപ്പൂർ തുറമുഖ വികസനത്തിന് എന്തെല്ലാം പരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | എ) യും ബി) യും | ബേപ്പൂർ തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിലേക്കായി വിശദമായ പഠന റിപ്പോർട്ടും ടെണ്ടർ രേഖകളും തയ്യാറാക്കുന്നതിനും ടെണ്ടർ നടപടികളിൽ സർക്കാരിനെ സഹായിക്കുന്നതിലേക്കുമായി ഒരു കൺസൾട്ടന്റിനെ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കുകയും ടി സ്ഥാപനം തുറമുഖ വികസനത്തിനുള്ള വിശദമായ പഠന റിപ്പോർട്ടും ടെണ്ടർ രേഖകളും സമർപ്പിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 30/12/10-ൽ ക്ഷണിച്ച ഗ്ലോബൽ ടെണ്ടറിൽ ആരും പങ്കെടുത്തിരുന്നില്ല. ആയതിനാൽ സ്വകാര്യ പങ്കാളികളെ ആകർഷിക്കത്തക്ക രീതിയിൽ പരിഷ്കരിച്ച RFP സമർപ്പിയ്ക്കുവാൻ കൺസൾട്ടന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇൻഫ്രാസ്ട്രക്ച്ചർ കേരളാ ലിമിറ്റഡ് (INKEL) ഏറ്റെടുത്ത് നടത്തുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ള 10 പദ്ധതികളിൽ ബേപ്പൂർ തുറമുഖ വികസനവും ഉൾപ്പെടുത്തിയിട്ടുണ്ട്. തുറമുഖ വികസന പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ബേപ്പൂർ തുറമുഖത്ത് 200 X 20 മീ. വാർഫ് ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷന് അവരുടെ ചെലവിൽ വികസിപ്പിക്കുന്നതിന് ലീസ് അടിസ്ഥാനത്തിൽ നൽകുന്നതിനും ഉദ്ദേശിക്കുന്നു. |
| ബി | വികസന പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ; | | |

| | | | |
|---|---|---|---|
| സി | ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ സ്ഥാപിക്കുന്ന പ്രത്യേക വാർഫിന്റെ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് സർക്കാരിന് അറിയാമോ ; എങ്കിൽ വ്യക്തമാക്കുമോ ? | സി | ബേപ്പൂർ തുറമുഖത്തെ 200 X 20 മീറ്റർ വാർഫ് ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ, അവരുടെ ചെലവിൽ വിപുലീകരിച്ച് ലീസ് അടിസ്ഥാനത്തിൽ ഏറ്റെടുക്കുവാൻ തയ്യാറാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ധാരണാപത്രം ഒപ്പുവയ്ക്കുകയും ഈ ധാരണാപത്രം പ്രകാരം ലീസ് എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ